**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4818** **11-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് കമ്മീഷ്ണർമാർക്ക് മജിസ്റ്റീരിയൽ അധികാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ, മാഫിയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് പോലീസ് കമ്മീഷ്ണർമാർക്ക് മജിസ്റ്റീരിയൽ അധികാരം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (എ) | തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശയിൽ 2007 ലെ കേരള ആന്റി സോഷ്യൽ ആക്റ്റിവിറ്റീസ് പ്രിവൻഷൻ ആക്റ്റിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/ കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടു കൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിക്കാൻ 23.01.2013 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. 29.01.2013 ലെ ജി.ഒ.(എം.എസ്.) നം. 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനത്തിന് ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | ഗുണ്ടാ നിയമപ്രകാരം കരുതൽ തടങ്കലിൽ വെയ്ക്കേണ്ട കേസുകളുടെ ഫയലുകളിൽ കളക്ടർമാർ കാലതാമസം വരുത്തുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ